**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1757

08.06.18 - ൽ മറുപടിക്ക്.


## കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തൽ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. എൽദോസ് പി കുന്നപ്പിള്ളിൽ | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |

(എ) എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഇറച്ചിക്കോഴി വളർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(എ) ഉണ്ട്; നടപ്പുസാമ്പത്തിക വർഷം 1000 ഇറച്ചിക്കോഴികളെ വളർത്താൻ കഴിയുന്ന 1000 യൂണിറ്റുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) ആരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ?

(ബി) കുടുംബശ്രീയും മൃഗസംരക്ഷണ വകുപ്പും കെപ്കോയും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് സംസ്ഥാനത്ത് തന്നെ ഉത്പാദിപ്പിക്കുന്ന കോഴിയിറച്ചി ലഭ്യമാക്കുന്നതിനോടൊപ്പം കുടുംബശ്രീ അംഗങ്ങൾക്ക് അധിക വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ 1000 ഇറച്ചിക്കോഴികളെ വളർത്താനുള്ള ഭൗതിക സാഹചര്യമുള്ളവർക്ക് ഒരു ലക്ഷം രൂപ 4% പലിശയോടെ വായ്പാ ധനസഹായമായും, പുതുതായി ഈ മേഖലയിലേക്ക് കടന്നുവരുന്നവർക്ക് 50,000/- രൂപ സബ്സിഡിയും കുടുംബശ്രീ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ